# താമരശ്ശേരി ഗ്രാമപഞ്ചായത്ത്

Thamarassery village panchayat

ഗ്രാമപഞ്ചായത്ത് കാര്യാലയം, താമരശ്ശേരി പി ഒ, 673573–പിൻ, കോഴിക്കോട്ട് ജില്ല.

O/o Village panchayat, Thamarassery P. O., 673573–PIN, Kozhikode district, Kerala state, India.

ഫോൺ/Phone: +91495 2222252 ഇ–മെയിൽ/e-mail: thamarasserygp@gmail.com


***"ഭരണഭാഷ – മാതൃഭാഷ"***

നമ്പർ: ബി3.2913/2020 — തീയ്യതി: 23/05/2020

പ്രേഷകൻ:

സെക്രട്ടറി,
താമരശ്ശേരി ഗ്രാമപഞ്ചായത്ത്.

ഗ്രാഹകൻ:

ബഹുമാനപ്പെട്ട ജില്ലാ കളക്ടർ,
കോഴിക്കോട്.

സാർ,

വിഷയം:– കോഴിക്കോട്ട് ജില്ലയിൽ ഇതര സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ആളുകളെ വിവിധ കോവിഡ് കെയർ സെന്ററുകളിൽ എത്തിക്കുന്നതിന് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിന് മെച്ചപ്പെട്ട സംവിധാനം പരിഗണനയ്ക്കായി ശുപാർശ ചെയ്യുന്നത് – സംബന്ധിച്ച്.

സൂചന:– അങ്ങയുടെ ഓഫീസിലെ ഡിസികെകെഡി/2803/2020/എഫ്3 നമ്പർ ഫയൽ.

മേൽ വിഷയത്തിലേയ്ക്ക് അങ്ങയുടെ ശ്രദ്ധ ക്ഷണിക്കുന്നു. നിലവിലെ സാഹചര്യത്തിൽ കോഴിക്കോട്ട് ജില്ലയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും നിരവധി ആളുകളാണ് റോഡ് മാർഗ്ഗമോ, റെയിൽ മാർഗ്ഗമോ ആയി ദിവസേന എത്തിക്കൊണ്ടിരിക്കുന്നത്. ഇത്തരത്തിൽ ആളുകൾ ജില്ലയിൽ എത്തിയതിനു ശേഷമാണു അവരവരുടെ പഞ്ചായത്തുകളിലേക്ക് പ്രസ്തുത വിവരം ലഭിക്കുന്നത്. അതിനാൽ യഥാസമയം അവരെ അതാത് പഞ്ചായത്തുകളിലേക്ക് എത്തിക്കുന്നതിന് പഞ്ചായത്ത് സെക്രട്ടറിമാർക്ക് പ്രായോഗിക പ്രയാസങ്ങൾ അനുഭവപ്പെടുന്നു. അവർ എത്തുന്ന വിവരം നേരത്തേ തന്നെ അറിയാത്തതിനാൽ മുൻകൂട്ടിയുള്ള തയ്യാറെടുപ്പിന് സാധിക്കുന്നില്ല. അസമയത്തും മറ്റും എത്തുന്ന ആളുകളെ സുരക്ഷിതമായി പഞ്ചായത്ത് തല കോവിഡ് കെയർ സെന്ററുകളിലേയ്ക്ക് മാറ്റുന്നതിന് യഥാസമയം ആംബുലൻസ് ലഭിക്കാത്ത സാഹചര്യം പല സമയത്തും ഉണ്ടായിട്ടുണ്ട്. ആളുകളുടെ ഈ വരവ് ഇനിയും കുറച്ചധികം കാലത്തേക്ക് തുടർന്നേക്കാമെന്നതിനാൽ ജില്ലാതലത്തിൽത്തന്നെ ഇതിനൊരു സ്ഥിരം സംവിധാനം വേണ്ടതായിട്ടുണ്ടെന്നു കാണുന്നു. ആയതിനാൽ ഒരു പോംവഴിയെന്ന നിലയിലും, മെച്ചപ്പെട്ട രീതിയിൽ ഈ പ്രശ്നം പരിഹരിക്കാൻ സാധിച്ചേക്കുമെന്നു പ്രതീക്ഷിച്ചു കൊണ്ടും താഴെക്കാണിച്ച പ്രകാരമുള്ള പരിഹാര നിർദ്ദേശങ്ങൾ പരിഗണനയ്ക്കായി സമർപ്പിക്കുന്നു:–

1) ജില്ലയിലെ മുഴുവൻ പ്രദേശങ്ങളെയും കോഴിക്കോടും പരിസരവുമായും, 3 റൂട്ടുകളുടെ പരിധിയിൽ പ്പെടുത്തിയും തരം തിരിക്കാം.

    1) കോഴിക്കോടും പരിസരവും.
    2) റൂട്ട് 1 :– കോഴിക്കോട്ട് – കുന്ദമംഗലം – കൊടുവള്ളി – താമരശ്ശേരി.
    3) റൂട്ട് 2 :– കോഴിക്കോട്ട് – അത്തോളി – ഉള്ള്യേരി – പേരാമ്പ്ര – കുറ്റ്യാടി – നാദാപുരം.
    4) റൂട്ട് 3 :– കോഴിക്കോട്ട് – ചേമഞ്ചേരി – കൊയിലാണ്ടി – പയ്യോളി – വടകര.

2) മേൽപ്പറഞ്ഞ ഓരോ റൂട്ടിലേയും പ്രധാന പി എച്ച് സി / സി എച്ച് സി / താലൂക്ക് ആശുപത്രിയെ ആംബുലൻസ് കൺട്രോളിങ് പോയിന്റുകളാക്കി നിശ്ചയിക്കാം.

3) ആ കൺട്രോളിങ് പോയിന്റുകളായി നിശ്ചയിച്ച പി എച്ച് സി / സി എച്ച് സി/ താലൂക്ക് ആശുപത്രിക്ക് ചുറ്റുമുള്ള പഞ്ചായത്തുകളിലെ കൊറോണ കെയർ സെന്ററിലേക്കോ, ഹോം



A constitutional body, established under the provisions of articles 243 to 243(O) of the Constitution of the Republic of India.

# താമരശ്ശേരി ഗ്രാമപഞ്ചായത്ത്

Thamarassery village panchayat

ഗ്രാമപഞ്ചായത്ത് കാര്യാലയം, താമരശ്ശേരി പി ഒ, 673573-പിൻ, കോഴിക്കോട്ട് ജില്ല.

O/o Village panchayat, Thamarassery P. O., 673573-PIN, Kozhikode district, Kerala state, India.

ഫോൺ/Phone: +91495 2222252 ഇ-മെയിൽ/e-mail: thamarasserygp@gmail.com


***"ഭരണഭാഷ - മാതൃഭാഷ"***

---

ക്വാറന്റൈനിലേക്കോ പോകേണ്ടവരെ കൊണ്ടുപോകാൻ വേണ്ടി പ്രസ്തുത ഓരോ കൺട്രോളിങ് പോയിന്റുകളിലും ആവശ്യമുള്ളത്ര മാത്രം ആംബുലൻസുകൾ തയ്യാറാക്കി നിർത്താം.

4) പ്രസ്തുത കൺട്രോളിങ് പോയിന്റുകളിൽ, വരുന്നവർക്കുള്ള ടോയ്‌ലറ്റ് സൌകര്യം കൂടി ഏർപ്പെടുത്തിയാൽ നന്നായിരിക്കും.
5) പ്രസ്തുത പി എച്ച് സി / സി എച്ച് സി / താലൂക്ക് ആശുപത്രിയിലെ കൺട്രോളിങ് പോയിന്റുകളിൽ ആംബുലൻസ് സൌകര്യം കോർഡിനേറ്റ് ചെയ്യുന്നതിനായി ഓരോ സർക്കാർ ജീവനക്കാരനെ ആംബുലൻസ് കോർഡിനേറ്ററായി ചുമതലപ്പെടുത്തി ഡ്യൂട്ടിയിൽ നിർത്താം. ഇദ്ദേഹത്തിന്റെ കൈവശം അതിനു പരിസരത്തുള്ള ആംബുലൻസുകളുടെ കോൺടാക്റ്റ് നമ്പറുകളടങ്ങിയ ലിസ്റ്റ് ഉണ്ടായിരിക്കണം.
6) കൂടാതെ ഇദ്ദേഹത്തെ സഹായിക്കാനും മറ്റ് അവശ്യസേവനങ്ങൾക്കുമായി 24 മണിക്കൂറും റൊട്ടേഷൻ അടിസ്ഥാനത്തിൽ രണ്ടു വീതം വളണ്ടിയർമാരെയും അതിനു ചുറ്റുവട്ടത്തു നിന്നുള്ള പഞ്ചായത്തുകളിൽ നിന്നും ഏർപ്പാടാക്കാം.
7) പ്രസ്തുത മൂന്നു റൂട്ടുകളിലും ആളുകളെ കെ എസ് ആർ ടി സി ബസ്സുകളിൽ കൊണ്ടു വന്ന് അതാത് റൂട്ടിലെ ബന്ധപ്പെട്ട കൺട്രോളിങ് പോയിന്റുകളിൽ എത്തിക്കാം.
8) അങ്ങനെ അവരെ എത്തിച്ചു കഴിഞ്ഞ ശേഷം പ്രസ്തുത കൺട്രോളിങ് പോയിന്റുകളിൽ നിന്നും അതിന്റെ പരിസരത്തുള്ള പഞ്ചായത്തുകളിലേക്ക്, പ്രസ്തുത നേരത്തേ തയ്യാറാക്കി നിർത്തിയ ആംബുലൻസിൽ അവരെ എത്തിക്കാൻ സൌകര്യപ്പെടുത്താം.
9) കൂടാതെ, ഇപ്പോൾ പഞ്ചായത്തുകളിലേക്കു കൈമാറിക്കൊണ്ടിരിക്കുന്ന, വരുന്നവരുടെ ലിസ്റ്റ് excel sheet ൽ ചേർത്തു തരുന്നതല്ലാതെ, അവരെ https://covid19jagratha.kerala.nic.in/ പോർട്ടലിലെ ബന്ധപ്പെട്ട എൻട്രിയുമായി ബന്ധിപ്പിക്കുന്ന ഒന്നും തന്നെ ഇപ്പോൾ നിലവിലില്ല. അപ്രകാരമൊരു ഐ ഡി നമ്പർ രണ്ടിലും ചേർത്തു തരുന്നത് ഭാവിയിൽ വിവരങ്ങൾ കൈകാര്യം ചെയ്യാൻ എളുപ്പമാക്കും.

മേൽ നിർദ്ദേശങ്ങൾ അങ്ങയുടെ അംഗീകാരത്തിനും അനുഭാവപൂർണ്ണമായ പരിഗണനയ്ക്കുമായി സമർപ്പിച്ചു കൊള്ളുന്നു. മേൽ വിഷയം പ്ലാൻ ചെയ്യുന്നതിലേക്ക് സഹായകരമായ വിധത്തിൽ തയ്യാറാക്കിയ, കൺട്രോളിങ് പോയിന്റുകളാക്കാവുന്ന പി എച്ച് സി / സി എച്ച് സി / താലൂക്ക് ആശുപത്രികളുടെയും അവയുടെ പരിസരത്തുള്ള ഗ്രാമപഞ്ചായത്തുകളുടെയും പട്ടിക, കോഴിക്കോട്ട് ജില്ലയിലെ പ്രാദേശിക സർക്കാരുകളുടെ അതിരുകളും, റെയിൽ, പ്രധാന റോഡുകൾ, സ്ഥലനാമങ്ങൾ എന്നിവയും കാണിക്കുന്ന ഒരു ഭൂപടം എന്നിവ കൂടി ഇതൊന്നിച്ച് സമർപ്പിക്കുന്നു.

വിശ്വസ്തതയോടെ,

(ഒപ്പ്)

സെക്രട്ടറി,

താമരശ്ശേരി ഗ്രാമപഞ്ചായത്ത്.

ഉള്ളടക്കം:-

1. കൺട്രോളിങ് പോയിന്റുകളാക്കാവുന്ന പി എച്ച് സി / സി എച്ച് സി / താലൂക്ക് ആശുപത്രികളുടെയും അവയുടെ പരിസരത്തുള്ള ഗ്രാമപഞ്ചായത്തുകളുടെയും പട്ടിക.
2. കോഴിക്കോട്ട് ജില്ലയിലെ പ്രാദേശിക സർക്കാരുകളുടെ അതിരുകളും, റെയിൽ, പ്രധാന റോഡുകൾ, സ്ഥലനാമങ്ങൾ എന്നിവയും കാണിക്കുന്ന ഭൂപടം.

പകർപ്പ്:-

1. ബഹുമാനപ്പെട്ട പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്ട്.



A constitutional body, established under the provisions of articles 243 to 243(O) of the Constitution of the Republic of India.

## ആംബുലൻസ് കൺട്രോളിങ് പോയിന്റുകളാക്കാവുന്ന പി എച്ച് സി / സി എച്ച് സി / താലൂക്ക് ആശുപത്രികളുടെയും അവയുടെ പരിസരത്തുള്ള ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റികളുടെയും പട്ടിക

**കോഴിക്കോടും പരിസരവും.**

| ക്രമ നമ്പർ | കൺട്രോളിങ് പോയിന്റ് ആശുപത്രി | ഫോൺ നമ്പർ | പരിസരത്തുള്ള ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റികൾ | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | ജനറൽ ആശുപത്രി, കോഴിക്കോട് ബീച്ച് | 0495–2365367 | കടലുണ്ടി ഗ്രാമ പഞ്ചായത്ത് | 0495–2470227 |
| | | | ഫറോക്ക് മുനിസിപ്പാലിറ്റി | 0495–2482243 |
| | | | രാമനാട്ടുകര മുനിസിപ്പാലിറ്റി | 0495–2440095 |
| | | | ഒളവണ്ണ ഗ്രാമ പഞ്ചായത്ത് | 0495–2430788 |
| | | | പെരുമണ്ണ ഗ്രാമ പഞ്ചായത്ത് | 0495–2431880 |
| | | | പെരുവയൽ ഗ്രാമ പഞ്ചായത്ത് | 0495–2492049 |
| | | | മാവൂർ ഗ്രാമ പഞ്ചായത്ത് | 0495–2883133 |
| | | | കക്കോടി ഗ്രാമ പഞ്ചായത്ത് | 0495–2265711 |
| | | | ചേളന്നൂർ ഗ്രാമ പഞ്ചായത്ത് | 0495–2260224 |
| | | | കാക്കൂർ ഗ്രാമ പഞ്ചായത്ത് | 0495–2260232 |
| | | | തലക്കുളത്തൂർ ഗ്രാമ പഞ്ചായത്ത് | 0295–2852239 |

**റൂട്ട് 1 :– കോഴിക്കോട് – കുന്ദമംഗലം – കൊടുവള്ളി – താമരശ്ശേരി.**

| ക്രമ നമ്പർ | കൺട്രോളിങ് പോയിന്റ് ആശുപത്രി | ഫോൺ നമ്പർ | പരിസരത്തുള്ള ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റികൾ | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | 24X7 പി എച്ച് സി, കുന്ദമംഗലം | 0495–2805170 | കുന്ദമംഗലം ഗ്രാമ പഞ്ചായത്ത് | 0495–2800275 |
| | | | കുരുവട്ടൂർ ഗ്രാമ പഞ്ചായത്ത് | 0495–2810295 |
| | | | മടവൂർ ഗ്രാമ പഞ്ചായത്ത് | 0495–2246262 |
| | | | ചാത്തമംഗലം ഗ്രാമ പഞ്ചായത്ത് | 0495–2287274 |
| | | | മുക്കം മുനിസിപ്പാലിറ്റി | 0495–2297132 |
| | | | കാരശ്ശേരി ഗ്രാമ പഞ്ചായത്ത് | 0495–2297172 |
| | | | കൊടിയത്തൂർ ഗ്രാമ പഞ്ചായത്ത് | 0495–2209130 |
| 2 | സി എച്ച് സി, കൊടുവള്ളി | 0495–2214590 | കൊടുവള്ളി മുനിസിപ്പാലിറ്റി | 0495–2210238 |
| | | | കിഴക്കോത്ത് ഗ്രാമ പഞ്ചായത്ത് | 0495–2210237 |
| | | | നരിക്കുനി ഗ്രാമ പഞ്ചായത്ത് | 0495–2246215 |
| | | | ഓമശ്ശേരി ഗ്രാമ പഞ്ചായത്ത് | 0495–2281253 |
| | | | തിരുവമ്പാടി ഗ്രാമ പഞ്ചായത്ത് | 0495–2252059 |
| | | | കൂടരഞ്ഞി ഗ്രാമ പഞ്ചായത്ത് | 0495–2252027 |
| 3 | താലൂക്ക് ആശുപത്രി, താമരശ്ശേരി | 0495–2222098 | താമരശ്ശേരി ഗ്രാമ പഞ്ചായത്ത് | 0495–2222252 |
| | | | കട്ടിപ്പാറ ഗ്രാമ പഞ്ചായത്ത് | 0495–2270900 |
| | | | ഉണ്ണികുളം ഗ്രാമ പഞ്ചായത്ത് | 0496–2647065 |
| | | | പുതുപ്പാടി ഗ്രാമ പഞ്ചായത്ത് | 0495–2235229 |
| | | | കോടഞ്ചേരി ഗ്രാമ പഞ്ചായത്ത് | 0495–2236230 |
| | | | പനങ്ങാട് ഗ്രാമ പഞ്ചായത്ത് | 0496–2642059 |


**റൂട്ട് 2 :- കോഴിക്കോട് – അത്തോളി – ഉള്ള്യേരി – പേരാമ്പ്ര – കുറ്റ്യാടി – നാദാപുരം.**

| ക്രമ നമ്പർ | കൺട്രോളിങ് പോയിന്റ് ആശുപത്രി | ഫോൺ നമ്പർ | പരിസരത്തുള്ള ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റികൾ | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | സി എച്ച് സി, ഉള്ള്യേരി | 0496–2654226 | ഉള്ളിയേരി ഗ്രാമ പഞ്ചായത്ത് | 0496–2652229 |
| | | | അത്തോളി ഗ്രാമ പഞ്ചായത്ത് | 0496–2672235 |
| | | | ബാലുശ്ശേരി ഗ്രാമ പഞ്ചായത്ത് | 0496–2642039 |
| | | | നന്മണ്ട ഗ്രാമ പഞ്ചായത്ത് | 0495–2855049 |
| | | | നടുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | 0496–2652247 |
| | | | കോട്ടൂർ ഗ്രാമ പഞ്ചായത്ത് | 0496–2657251 |
| | | | കായണ്ണ ഗ്രാമ പഞ്ചായത്ത് | 0496–2659021 |
| | | | നൊച്ചാട് ഗ്രാമ പഞ്ചായത്ത് | 0496–2610269 |
| 2 | താലൂക്ക് ആശുപത്രി, പേരാമ്പ്ര | 0496–2610575 | പേരാമ്പ്ര ഗ്രാമ പഞ്ചായത്ത് | 0496–2610226 |
| | | | കൂത്താളി ഗ്രാമ പഞ്ചായത്ത് | 0496–2610271 |
| | | | കൂരാച്ചുണ്ട് ഗ്രാമ പഞ്ചായത്ത് | 0496–2660246 |
| | | | ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്ത് | 0496–2662223 |
| | | | ചങ്ങരോത്ത് ഗ്രാമ പഞ്ചായത്ത് | 0496–2668164 |
| | | | ചെറുവണ്ണൂർ ഗ്രാമ പഞ്ചായത്ത് | 0496–2775320 |
| 3 | താലൂക്ക് ആശുപത്രി, കുറ്റ്യാടി | 0496–2597173 | കുറ്റ്യാടി ഗ്രാമ പഞ്ചായത്ത് | 0496–2597250 |
| | | | മരുതോങ്കര ഗ്രാമ പഞ്ചായത്ത് | 0496–2666048 |
| | | | കായക്കൊടി ഗ്രാമ പഞ്ചായത്ത് | 0496–2596616 |
| | | | കാവിലുംപാറ ഗ്രാമ പഞ്ചായത്ത് | 0496–2565834 |
| | | | വേളം ഗ്രാമ പഞ്ചായത്ത് | 0496–2770109 |
| | | | കുന്നുമ്മൽ ഗ്രാമ പഞ്ചായത്ത് | 0496–2445049 |
| 4 | താലൂക്ക് ആശുപത്രി, നാദാപുരം | 0496–2552480 | നാദാപുരം ഗ്രാമ പഞ്ചായത്ത് | 0496–2550245 |
| | | | വാണിമേൽ ഗ്രാമ പഞ്ചായത്ത് | 0496–2560190 |
| | | | നരിപ്പറ്റ ഗ്രാമ പഞ്ചായത്ത് | 0496–2445043 |
| | | | വളയം ഗ്രാമ പഞ്ചായത്ത് | 0496–2460191 |
| | | | ചെക്യാട് ഗ്രാമ പഞ്ചായത്ത് | 0496–2572340 |
| | | | തൂണേരി ഗ്രാമ പഞ്ചായത്ത് | 0496–2551075 |
| | | | പുറമേരി ഗ്രാമ പഞ്ചായത്ത് | 0496–2550259 |

**റൂട്ട് 3 :- കോഴിക്കോട് – ചേമഞ്ചേരി – കൊയിലാണ്ടി – പയ്യോളി – വടകര.**

| ക്രമ നമ്പർ | കൺട്രോളിങ് പോയിന്റ് ആശുപത്രി | ഫോൺ നമ്പർ | പരിസരത്തുള്ള ഗ്രാമപഞ്ചായത്ത് / മുനിസിപ്പാലിറ്റികൾ | ഫോൺ നമ്പർ |
|---|---|---|---|---|
| 1 | സി എച്ച് സി, തിരുവങ്ങൂർ | 0496–2634260 | ചേമഞ്ചേരി ഗ്രാമ പഞ്ചായത്ത് | 0496–2687041 |
| | | | ചെങ്ങോട്ടുകാവ് ഗ്രാമ പഞ്ചായത്ത് | 0496–2620266 |
| 2 | താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി, കൊയിലാണ്ടി | 0496–2620241 | കൊയിലാണ്ടി മുനിസിപ്പാലിറ്റി | 0496–2621913 |
| | | | അരിക്കുളം ഗ്രാമ പഞ്ചായത്ത് | 0496–2695327 |
| | | | കീഴരിയൂർ ഗ്രാമ പഞ്ചായത്ത് | 0496–2676228 |
| | | | മേപ്പയൂർ ഗ്രാമ പഞ്ചായത്ത് | 0496–2676227 |

| | | | | |
|---|---|---|---|---|
| | | | മൂടാടി ഗ്രാമ പഞ്ചായത്ത് | 0496-2690200 |
| | | | തിക്കോടി ഗ്രാമ പഞ്ചായത്ത് | 0496-2602054 |
| 3 | സി എച്ച് സി, മേലടി | 0496-2602170 | പയ്യോളി മുനിസിപ്പാലിറ്റി | 0496-2602043 |
| | | | തുറയൂർ ഗ്രാമ പഞ്ചായത്ത് | 0496-2470059 |
| 4 | ജില്ലാ ആശുപത്രി, വടകര | 0496-2524259 | വടകര മുനിസിപ്പാലിറ്റി | 0496-2513315 |
| | | | മണിയൂർ ഗ്രാമ പഞ്ചായത്ത് | 0496-2536221 |
| | | | വില്യാപ്പള്ളി ഗ്രാമ പഞ്ചായത്ത് | 0496-2535162 |
| | | | തിരുവള്ളൂർ ഗ്രാമ പഞ്ചായത്ത് | 0496-2592027 |
| | | | ആയഞ്ചേരി ഗ്രാമ പഞ്ചായത്ത് | 0496-2580265 |
| | | | ചോറോട് ഗ്രാമ പഞ്ചായത്ത് | 0496-2512501 |
| | | | ഏറാമല ഗ്രാമ പഞ്ചായത്ത് | 0496-2547047 |
| | | | എടച്ചേരി ഗ്രാമ പഞ്ചായത്ത് | 0496-2547024 |
| | | | ഒഞ്ചിയം ഗ്രാമ പഞ്ചായത്ത് | 0496-2502025 |
| | | | അഴിയൂർ ഗ്രാമ പഞ്ചായത്ത് | 0496-2500101 |




# Local authorities in Kozhikode District

**Prepared by,**
**Jaisen Nedumpala.**
**Secretary, Thamarassery Grama Panchayat.**
**23/05/2020.**